പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 790 | 11.03.2015- ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## പച്ചക്കറികളിൽ കീടനാശിനിയുടെ അംശം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ. ശിവദാസൻ നായർ<br>" സി.പി. മുഹമ്മദ്<br>" എ.റ്റി. ജോർജ്<br>" ടി.എൻ. പ്രതാപൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉല്പാദിപ്പിക്കുന്നതും അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്നതുമായ പച്ച ക്കറികളിൽ മാരകമായ കീട നാശിനികളുടെ അംശം കണ്ടെ ത്തിയതായി ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) | പച്ചക്കറികളിൽ കീടനാശിനി യുടെ അംശം കണ്ടെത്തുന്നതിനും അത്തരം പച്ചക്കറികൾ വില്പന ക്കെത്തിക്കുന്നത് തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരി ക്കുവാനാണ് ഉദ്ദേശിക്കുന്നത്; | ബി) | പച്ചക്കറികളിൽ കീടനാശിനികളുടെ അമിത ഉപയോഗം കണ്ടെത്തിയ സാഹചര്യത്തിൽ മുഖ്യമന്ത്രി ഒരു അടിയന്തിര യോഗം വിളിച്ചുകൂട്ടുകയും യോഗത്തിൽ എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷികസർവകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യു ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇവിടെ നിന്നും ലഭിക്കുന്ന പരിശോധന ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണ നിലവാര നിയമ പ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിൽ കൂടി അന്യസംസ്ഥാന ങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽസ് ടാക്സ് വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാതു സംസ്ഥാനങ്ങളിലെ |

| | | | |
|---|---|---|---|
| | | | ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർസ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേൻഡ്യയിലുള്ള ഭക്ഷ്യ സുരക്ഷാ കമ്മീഷണർമാരുടെ യോഗം വിളിക്കാനും പ്രശ്നം ചർച്ച ചെയ്യാനും തീരുമാനിച്ചു. ഇതനുസരിച്ചുള്ള അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | പഴങ്ങൾ രാസവസ്തുക്കൾ ഉപയോഗിച്ച് കൃത്രിമമായി പഴപ്പിക്കുന്നതിനെതിരെ സ്വീകരിച്ചതുപോലുള്ള നടപടി പച്ചക്കറികളിലെ കീടനാശിനി പ്രയോഗത്തിലും സ്വീകരിക്കുവാൻ തയ്യാറാകുമോ; | സി) | അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികളിൽ കീടനാശിനികൾ പ്രയോഗിക്കുന്ന ഉറവിടം കണ്ടെത്താനും കർഷകരെ ബോധവൽക്കരിക്കുന്നതിനും വേണ്ടി അവിടെയുള്ള ഭക്ഷ്യ സുരക്ഷാ കമ്മീഷണർമാരുമായും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻമാരുമായും ചർച്ച നടത്തി നടപടികൾ സ്വീകരിക്കുന്നതിന് ഭക്ഷ്യസുരക്ഷാവകുപ്പ് ഉദ്യോഗസ്ഥൻമാരെ ചുമതല പ്പെടുത്തിയിട്ടുണ്ട്. |
| ഡി) | ക്യാൻസർ, വൃക്കരോഗം എന്നിവ വർദ്ധിച്ച് വരുന്നതിനുള്ള കാരണം ഇത്തരത്തിൽ മാരകമായ വിഷാംശമുള്ള പച്ചക്കറികളുടെ ഉപയോഗം നിമിത്തമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നല്കുമോ? | ഡി) | ഈ വിഷയത്തെപ്പറ്റി പഠനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ